ജയിലിൽ കഴിയുകയാണ്. ദയവായിട്ട് ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങളുടെ പ്രയോജനം കൃഷിക്കാർക്ക് ലഭിക്കണം. ബാങ്കുകൾക്ക് വേണമെങ്കിൽ റവന്യൂ റിക്കവറി നടത്താം. സിവിൽ കേസെടുത്ത് കൃഷിക്കാരെ അറസ്റ്റ് ചെയ്യിച്ച് ജയിലിലാക്കുന്ന പ്രവണത അവസാനിപ്പിക്കണം. സംസ്ഥാനതല ബാങ്കുകളുടെ കൺസൾട്ടേറ്റീവ് ഡേറ്റാ യോഗകാര്യം ബഹു. മുഖ്യമന്ത്രി പറഞ്ഞു. ദയവായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സഹകരണ ബാങ്കുകളും അതിനുപുറമേ ദേശസാൽകൃത ബാങ്കുകളും സർക്കാരിന്റെ മറ്റു ബാങ്കുകളും നൽകിയില്ലെങ്കിൽ കൃഷിക്കാർ ആകെ പ്രയാസത്തിലാകും.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നിർബന്ധമായും നൽകുന്നതിനുള്ള നിർദ്ദേശം സഹകരണ ബാങ്കുകൾക്ക് ഗവൺമെന്റ് നൽകുന്നതാണ്. അതോടൊപ്പംതന്നെ ദേശസാൽകൃത ബാങ്കുകൾ മറ്റ് ഷെഡ്യൂൾഡ് ബാങ്കുകൾ ഇവയുടെ ഭാഗത്തുനിന്ന് സർക്കാർ സ്വീകരിച്ചതിന് സമാനമായ നിലപാടുകൾ സ്വീകരിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് പരമാവധി സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് മീറ്റിംഗിലും ഈ പ്രശ്നം ഉന്നയിച്ചു. അവർ ഇക്കാര്യത്തിൽ പരമാവധി സഹായിക്കും. അവർക്ക് അതിനുള്ള ഡയറക്ഷൻ കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിന്റെകൂടെ ഒരു പുതിയ ഭാഗ്യം ഉണ്ടായിരിക്കുന്നു. കേരളത്തിൽ നിന്നുള്ള ശക്തൻമാരായ ഇടതുപക്ഷ എം. പി.-മാർ കൂടിയുണ്ട്, പാർലമെന്റ് സമ്മേളനം തുടങ്ങുകയാണ്. അവരുടെ കൂടെ സമ്മർദ്ദത്തിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് ഇതിൽ കൂടുതൽ സഹായകരമായ നിലപാട് സ്വീകരിക്കും. 18 പേരുടെ പിൻതുണയോടുകൂടി സംസ്ഥാന ഗവൺമെന്റ് കൂട്ടായി പരിശ്രമിച്ച് പാർലമെന്റ് സമ്മേളനകാലത്ത് നമുക്കും സംസ്ഥാന ഗവൺമെന്റിനും ഭരണകക്ഷി എം.പി.-മാർക്കും ശ്രമിക്കാം. ഞങ്ങളുടെ ഇത്രയും കാലത്തെ ശ്രമം ദുർബലമായി എന്നല്ലേ നിങ്ങളുടെ ആക്ഷേപം. ഇപ്പോൾ നിങ്ങൾ വന്നതോടുകൂടി, നമ്മൾ ഒന്നിച്ചു പിൻതാങ്ങുന്ന ഗവൺമെന്റിനെക്കൊണ്ട്, സി. എം. പി. ഇപ്പോൾ നിങ്ങൾ എല്ലാ ദിവസവും ഉയർത്തിപ്പിടിക്കുന്നുണ്ട്—അവരെക്കൊണ്ട് കൃഷിക്കാരുടെ കാര്യത്തിൽ വളരെ അനുകൂലമായ നിലപാട് അടുത്തയാഴ്ച തന്നെ എടുപ്പിക്കാം. അതിന് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(2) കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, പ്രകൃതിക്ഷോഭംമൂലം കണ്ണൂർ ജില്ലയുടെ പല ഭാഗത്തും പല തവണകളിലായി കർഷകർക്ക് കനത്ത നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളത് എരമംകുറ്റൂർ പഞ്ചായത്തിലാണ്. കുറ്റൂർ വില്ലേജിലെ ഏറ്റവും നല്ല റബ്ബർ പാൽ ഉൽപ്പാദിപ്പിക്കുന്ന ആയിരക്കണക്കിന് റബ്ബർ മരങ്ങളാണ് തകർന്നുപോയിട്ടുള്ളത്. റബ്ബറിന്റെ ഇന്നത്തെ വിലയുംകൂടി കണക്കിലെടുത്തുകൊണ്ട് നാശനഷ്ടങ്ങൾ സംഭവിച്ചാൽ കിട്ടിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ തുക വർദ്ധിപ്പിക്കണം. എരമംകുറ്റൂർ പഞ്ചായത്തിലെ കുറ്റൂർ വില്ലേജിൽ കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള നൂറ് കണക്കിന് കൃഷിക്കാരുണ്ട്. ആ കൃഷിക്കാർക്ക് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

സഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതുപോലെ രാമൻതളിയിൽ കടൽക്ഷോഭം മൂലം നൂറ് കണക്കിന് തെങ്ങുകൾ കടലിൽ ഒഴുകിപ്പോയിട്ടുണ്ട്. ഈ കൃഷിക്കാർക്കും ആവശ്യമായിട്ടുള്ള സഹായം കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ പ്രദേശങ്ങളിൽ വീടു പോയവർക്കും, അതുപോലെ കിണർ നഷ്ടപ്പെട്ട ആളുകൾക്കും അടിയന്തിര നഷ്ടപരിഹാരം നൽകാൻ തളിപ്പറമ്പ് തഹൽസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിനാശത്തെ സംബന്ധിച്ചിടത്തോളം കൃഷിഭവൻ അതിന്റെ നഷ്ടം തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കൃഷിഭവനിൽ നിന്നുള്ള റിപ്പോർട്ട് കിട്ടിയാൽ ഉടനെതന്നെ നോംസ് അനുസരിച്ചുള്ള നഷ്ടപരിഹാരം കൃഷിക്കാർക്ക് എത്തിക്കുന്നതാണ്.

(3) ഗുണ്ടാസംഘങ്ങൾക്കെതിരെ ജനകീയ സമിതികളുടെ രൂപീകരണം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനും, ക്രമസമാധാനപാലനം ഭംഗിയായി നിർവ്വഹിക്കുന്നതിനും, വളർന്നുവരുന്ന ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യുന്നതിനും, പോലീസിന് അവരുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും, പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും, പുതിയ പോലീസ് നയത്തിലുള്ള മാറ്റത്തിന്റെ ഭാഗമായി ഓരോ പോലീസ് സ്റ്റേഷൻ തലത്തിലും, ജില്ലാതലത്തിലും, ജനപ്രതിനിധികളുടേയും പോലീസ് ഉദ്യോഗസ്ഥൻമാരുടേയും ജനകീയ സമിതികൾ രൂപീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഗവൺമെന്റ് പൂർണ്ണമായി അംഗീകരിക്കുന്നു. അതനുസരിച്ച് നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. പോലീസ്സ്റ്റേഷൻ അതിർത്തി പരിധിയിലെ റസിഡൻഷ്യൻ അസോസിയേഷനുകളുടെ യോഗം വിളിച്ചുകൂട്ടി അതാതു പ്രദേശത്തെ ക്രമസമാധാന പ്രശ്നങ്ങളെക്കുറിച്ച് അവലോകനം ചെയ്ത് പരിഹാര നടപടികൾ സ്വീകരിക്കുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം പട്ടണത്തിൽ ഇതിന്റെ പ്രവർത്തനം വളരെ മുന്നോട്ടുപോയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൂടി ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ഇപ്പോൾ തൃശ്ശൂരും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളേയും റസിഡൻഷ്യൽ അസോസിയേഷൻ, വ്യാപാരി വ്യവസായി ഭാരവാഹികൾ, ടാക്സി, ആട്ടോ ഡ്രൈവർമാർ, സാമൂഹ്യ പ്രവർത്തകർ, എന്നിവരെ സംഘടിപ്പിച്ച് മാസംതോറും തുറന്ന ചർച്ചാവേദി നടത്താൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(4) പാലക്കാട് ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനത്തിലുണ്ടായ ക്രമക്കേടുകൾ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിൽ ആരോഗ്യവകുപ്പിലെ പാർട്ട് ടൈം സ്വീപ്പർ നിയമനത്തിൽ നടത്തിയ വലിയ അഴിമതിയെ സംബന്ധിച്ചാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. 1970 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ

LIBRARY ARCHIVES Kerala Legislative Assembly